പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനായി പറവൂർ മേജർ സെക്ഷൻ വിഭജിച്ച് ഏഴിക്കരയോ, ചെറിയപള്ളിയോ കേന്ദ്രീകരിച്ച് ഒരു പുതിയ സെക്ഷൻ ഓഫീസ് ഉണ്ടാകണം. അവിടെത്തന്നെ 67.79 കിലോമീറ്റർ 11 കെ.വി. ലൈനുണ്ട്. ത്രീഫെയ്സ് ലൈൻ 133 കിലോമീറ്ററുണ്ട്. സിങ്കിൾ ഫെയ്സ് ലൈൻ 188 കിലോമീറ്ററുണ്ട്. അതുപോലെതന്നെ 72 ട്രാൻസ്ഫോർമേഴ്സ് സ്ഥാപിച്ചിട്ടുണ്ടെങ്കിൽപ്പോലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുകയാണ്. ഇതിന് പരിഹാരമുണ്ടാക്കുന്നതിന് മന്നത്ത് ഇപ്പോൾ സ്ഥിതിചെയ്യുന്ന 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനായി ഉയർത്തുകയും ആലങ്ങാട്ടും കോട്ടുവള്ളിയിലും വടക്കേക്കരയിലും ഓരോ സബ്സ്റ്റേഷൻ സ്ഥാപിക്കുകയും ചെയ്താൽ മാത്രമേ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിയൂ എന്നാണ് കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥന്മാരിൽനിന്നും അറിയുന്നത്. അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തിരമായ തീരുമാനമുണ്ടാകണമെന്നഭ്യർത്ഥിക്കുകയാണ്. കൺസ്യൂമേഴ്സിന്റെ എണ്ണം കൂടുതലായതുകൊണ്ട് അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാത്ത പറവൂർ മേജർ സെക്ഷനിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കാനും വൈദ്യുതി ബോർഡിന്റെ അടിയന്തിര ശ്രദ്ധ പതിയണമെന്നും ഈ കാര്യങ്ങളിൽ തീരുമാനമുണ്ടാകണമെന്നും ഞാൻ ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിയോടും കേരള സർക്കാരിനോടും അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഏഴിക്കര പഞ്ചായത്തിൽ ഉൾപ്പെടുന്ന മുഴുവൻ പ്രദേശവും പറവൂർ മുനിസിപ്പാലിറ്റിയിൽപ്പെട്ട കുറച്ച് പ്രദേശവും ചേർത്ത് ഒരു പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്ന കാര്യം ബോർഡിന്റെ പരിഗണനയിലുണ്ട്. എന്നാൽ സർക്കാർ പ്രഖ്യാപിച്ച വൈദ്യുതിനയത്തിന്റെ ഭാഗമായിട്ടുള്ള വിവിധ ലാഭ കേന്ദ്രങ്ങൾ പൂർണ്ണമായി നിലവിൽ വരുന്ന മുറയ്ക്കു മാത്രമേ ഈ നിർദ്ദേശം പരിഗണിക്കാൻ കഴിയൂ എന്നാണ് അറിയിച്ചിട്ടുള്ളത്. പറവൂരും പരിസര പ്രദേശങ്ങളിലും അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി, ബഹുമാനപ്പെട്ട അംഗം ശ്രീ. രാജു ഇവിടെ ആവശ്യപ്പെട്ടിട്ടുള്ളതുപോലെ, നോർത്ത് പറവൂർ അതായത് മന്നം 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനായി ഉയർത്തുന്നതിനും ആലങ്ങാട്, വരാപ്പുഴ, വടക്കേക്കര എന്നീ സ്ഥലങ്ങളിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനും ബോർഡ് അനുമതി നൽകുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പ് കഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനമാരംഭിക്കുന്നതാണ്.

(6) സമഗ്ര പാർപ്പിട പദ്ധതി തടസ്സപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. വി.കെ. ചന്ദ്രൻ : സർ, സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമ്പൂർണ്ണ പാർപ്പിടപദ്ധതി, ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പാർപ്പിട പദ്ധതി ഹൗസിംഗ് ബോർഡ് നേരിട്ട് നടപ്പിലാക്കുന്ന മൈത്രീ ഭവന പദ്ധതി എന്നിവയ്ക്കെല്ലാം ആവശ്യമായ ഫണ്ട് അതാത് ഏജൻസികൾ ഹൗസിംഗ് ബോർഡിൽ അവരുടെ വിഹിതം കെട്ടിവച്ചിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ഗുണഭോക്താക്കൾ വീട് വയ്ക്കുന്നതിനുവേണ്ടി അവർ താമസിച്ചിരുന്ന നിലവിലുള്ള ഓലയും വയ്ക്കോലും മേഞ്ഞ വീടുകൾ പൊളിച്ചുമാറ്റി അതിനുള്ള സംവിധാനം തയ്യാറാക്കിയിട്ടും കൃത്യസമയത്ത് ഗുണഭോക്താക്കൾക്ക് തുക കൈമാറുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്നില്ല. ഉദ്യോഗസ്ഥന്മാരുടെ കുറവും കൃത്യസമയത്തുതന്നെ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ഹൗസിംഗ് ബോർഡിലെ എഞ്ചിനീയർമാർ വിസിറ്റ് നടത്താത്തതുമൂലവും ഒട്ടനവധി ഗുണഭോക്താക്കൾ പ്രയാസം അനുഭവിക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലമായ തൃത്താലയിൽ 9 പഞ്ചായത്തുകളിലും ഇത്തരത്തിൽ പാലക്കാട് ജില്ലയിലെ ഹൗസിംഗ് ബോർഡിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പണം കെട്ടിവയ്ക്കുകയുണ്ടായി. ഞാൻ തന്നെ നേരിട്ട് നിരവധി തവണ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ബന്ധപ്പെട്ടു. പക്ഷേ ഇതുവരെ പണം അനുവദിക്കപ്പെട്ടു കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇത്തരത്തിൽ പ്രയാസം അനുഭവിക്കുന്ന ഗുണഭോക്താക്കളുടെ പ്രയാസങ്ങൾ പരിഹരിക്കുവാനും ഹൗസിംഗ് ബോർഡിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിന്മേൽ തീർപ്പുകൽപിക്കുവാനും ഉദ്യോഗസ്ഥന്മാരുടെ കുറവ് നികത്തുവാനും ഗുണഭോക്താക്കൾക്ക് യഥാസമയം പണം കൊടുക്കുവാനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, മൈത്രീഭവന നിക്ഷേപ പദ്ധതിയനുസരിച്ച് 12,500 രൂപ അടച്ചാൽ പിന്നീട് ഈ ഗുണഭോക്താക്കൾ ഒരു പൈസയും തിരിച്ച് അടയ്ക്കേണ്ടതായിട്ടില്ല. ആ പദ്ധതിയനുസരിച്ച് ഗ്രാമപഞ്ചായത്തിൽനിന്ന് 36,978 അപേക്ഷകൾ ബോർഡിന് ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിൽ 29057 പേർക്ക് വായ്പാ അനുമതി നൽകിക്കഴിഞ്ഞു. 36,000-ത്തിലാണ് ഇത്രയും പേർക്ക് നൽകിയത്. ബഹുമാനപ്പെട്ട മെമ്പർ സ്റ്റേജ് സർട്ടിഫിക്കറ്റിനെ പറ്റി പറയുകയുണ്ടായി. സ്റ്റേജ് സർട്ടിഫിക്കറ്റ് ഇപ്പോൾ നൽകുന്നത് ഉദ്യോഗസ്ഥർ അല്ല. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ജനപ്രതിനിധികൾക്ക് സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഇപ്പോൾ കൊടുത്തിട്ടുണ്ട്. ഈ പറഞ്ഞ പഞ്ചായത്തുകളിലെ പ്രശ്നം പ്രത്യേകമായി പരിശോധിച്ച് അവിടെ കാലതാമസം ഉണ്ടായിട്ടുണ്ടോയെന്ന് നോക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) കൊടുവള്ളി മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ ശോച്യാവസ്ഥ

ശ്രീ. സി. മൊയീൻകുട്ടി : സർ, കൊടുവള്ളി നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ ശോച്യാവസ്ഥ ബഹുമാനപ്പെട്ട മന്ത്രിയുടെയും അതുപോലെതന്നെ ഡിപ്പാർട്ടുമെന്റിന്റെയും ശ്രദ്ധയിൽ പലതവണ കൊണ്ടുവന്നിട്ടുണ്ടെങ്കിലും പരിഹരിക്കപ്പെടാതെ കിടക്കുകയാണ്. അതുപോലെതന്നെ പ്രധാനപ്പെട്ട ഒരു കാര്യം പി.ഡബ്ല്യു.ഡി. റോഡുകളുടെ ടാർ ഭാഗം കഴിഞ്ഞുള്ള ഇരുഭാഗവും അതായത് പാർശ്വഭാഗം നന്നാക്കാതെ കിടന്നതുകൊണ്ട് വളരെയധികം ബുദ്ധിമുട്ടുണ്ട്. വഴിയാത്രക്കാർ അപകടങ്ങളിൽപ്പെടുന്നു, വാഹനഗതാഗതം തടസ്സപ്പെടുന്നു, അതോടൊപ്പം തന്നെ ഡ്രൈവേഴ്സിന് അതിന്റേതായ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉണ്ട്. എല്ലാ റോഡുകളുടേയും പാർശ്വഭാഗം ഭംഗിയാക്കി ഗതാഗതയോഗ്യമാക്കി വളരെ അടിയന്തിരമായി നന്നാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പം അപകടസാദ്ധ്യത ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾകൂടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly